**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 134** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഗുണ്ടാ അക്രമങ്ങളും കൊലപാതകങ്ങളും തടയുവാൻ പ്രത്യേക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗവും വിതരണവും തടയുന്നതിനായി കോളേജുകൾ, സ്കൂളുകൾ, യുവജനക്ലബുകൾ എന്നിവ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്. മയക്കുമരുന്നു സംബന്ധമായ കുറ്റകൃത്യങ്ങൾ കണ്ടു പിടിക്കുന്നതിനായി ജില്ലാ തലത്തിൽ District Anti Narcotic Special Action Force (DANSAF) team പ്രവർത്തിച്ചു വരുന്നതും ഇപ്രകാരമുള്ള കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനായി തുടർച്ചയായി സ്പെഷ്യൽ ഡ്രൈവുകളും, റെയ്ഡുകളും നടത്തിയും കുറ്റകൃത്യങ്ങൾ കാണപ്പെട്ടാൽ കേസുകൾ രജിസ്റ്റർ ചെയ്തും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ എക്സൈസുമായി ചേർന്ന് ചെക്കിംഗ് നടത്തി വരുന്നു.<br><br>കഞ്ചാവ്, മറ്റ് മയക്കുമരുന്ന് എന്നിവ വിപണനം നടത്തുന്നവരെപ്പറ്റി അന്വേഷിക്കുകയും അവരെ നിരീക്ഷിച്ചുവരുകയും കുറ്റകൃത്യം കാണപ്പെട്ടാൽ ശക്തമായ നിയമനടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. ജില്ലയിലെ സ്കൂൾ, കോളേജ് എന്നിവ കേന്ദ്രീകരിച്ചു Yodhav എന്ന പദ്ധതി നടപ്പാക്കി വരുന്നതും ആയതിലേക്ക് സ്കൂളുകളിലും കോളേജുകളിലും Anti-Narcotic Club രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നതുമാണ്.<br><br>ജില്ലയിൽ NDPS കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ വിവരങ്ങൾ ശേഖരിച്ച് ജില്ലാതലത്തിൽ ഡേറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിക്കുകയും, ഒന്നിലധികം തവണ NDPS കേസുകളിൽ ഉൾപ്പെടുന്ന പ്രതികളുടെ വിവരങ്ങൾ ശേഖരിച്ച് ജില്ലയിലെ എല്ലാ സ്റ്റേഷനിലും ഡേറ്റാ |

| | | | |
|---|---|---|---|
| | | | ബാങ്ക് തയ്യാറാക്കി അവരെ നിരന്തരം നിരീക്ഷിച്ചു വരുന്നുണ്ട്.<br><br>NDPS കേസ്സുകളിൽ നിരന്തരം ഏർപ്പെടുന്നവർക്കെതിരെ NDPS Act-ലെ 34 -ാം വകുപ്പ് പ്രകാരമുള്ള ബോണ്ട് വയ്ക്കുന്നതിനും, NDPS കേസ്സുകളിൽ ആവർത്തിച്ച് ഏർപ്പെടുന്നവരുടെ പേരിൽ NDPS Act-ലെ 31, 31 A എന്നീ വകുപ്പുകൾ പ്രകാരം ഉയർന്ന ശിക്ഷ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ എസ്.എച്ച്.ഓ മാർക്കും നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്.<br><br>മയക്കു മരുന്നുൽപന്നങ്ങളുടെ ഉപയോഗവും വിപണനവും തടയുന്നതിനായി സ്ഥിരം കുറ്റവാളികളെ PIT NDPS പ്രകാരം കരുതൽ തടങ്കലിൽ വയ്ക്കുന്നതിനും NDPS Sec. 68 പ്രകാരം അവരുടെ സ്വത്തുവകകൾ കണ്ടുകെട്ടുന്നതിനും വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്ത് ലഹരി ഉപയോഗം വർദ്ധിക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന ഗുണ്ടാ ആക്രമണങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗവും വിതരണവും തടയുന്നതിനായി കോളേജുകൾ, സ്കൂളുകൾ, യുവജനക്ലബുകൾ എന്നിവ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്. മയക്കുമരുന്നു സംബന്ധമായ കുറ്റകൃത്യങ്ങൾ കണ്ടു പിടിക്കുന്നതിനായി ജില്ലാ തലത്തിൽ District Anti Narcotic Special Action Force (DANSAF) team പ്രവർത്തിച്ചു വരുന്നതും ഇപ്രകാരമുള്ള കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനായി തുടർച്ചയായി സ്പെഷ്യൽ ഡ്രൈവുകളും, റെയ്ഡുകളും നടത്തിയും കുറ്റകൃത്യങ്ങൾ കാണപ്പെട്ടാൽ കേസുകൾ രജിസ്റ്റർ ചെയ്തും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ എക്സൈസുമായി ചേർന്ന് ചെക്കിംഗ് നടത്തി വരുന്നു.<br><br>കഞ്ചാവ്, മറ്റ് മയക്കുമരുന്ന് എന്നിവ വിപണനം നടത്തുന്നവരെപ്പറ്റി അന്വേഷിക്കുകയും അവരെ നിരീക്ഷിച്ചുവരുകയും കുറ്റകൃത്യം കാണപ്പെട്ടാൽ ശക്തമായ നിയമനടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. ജില്ലയിലെ സ്കൂൾ, കോളേജ് എന്നിവ കേന്ദ്രീകരിച്ചു Yodhav എന്ന പദ്ധതി നടപ്പാക്കി വരുന്നതും ആയതിലേക്ക് സ്കൂളുകളിലും കോളേജുകളിലും Anti-Narcotic Club രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നതുമാണ്.<br><br>ജില്ലയിൽ NDPS കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ വിവരങ്ങൾ ശേഖരിച്ച് ജില്ലാതലത്തിൽ ഡേറ്റാ ബാങ്ക് തയ്യാറാക്കി |

| | | | |
|---|---|---|---|
| | | | സൂക്ഷിക്കുകയും, ഒന്നിലധികം തവണ NDPS കേസുകളിൽ ഉൾപ്പെടുന്ന പ്രതികളുടെ വിവരങ്ങൾ ശേഖരിച്ച് ജില്ലയിലെ എല്ലാ സ്റ്റേഷനിലും ഡേറ്റാ ബാങ്ക് തയ്യാറാക്കി അവരെ നിരന്തരം നിരീക്ഷിച്ചു വരുന്നുണ്ട്.<br><br>NDPS കേസ്സുകളിൽ നിരന്തരം ഏർപ്പെടുന്നവർക്കെതിരെ NDPS Act-ലെ 34 -ാം വകുപ്പ് പ്രകാരമുള്ള ബോണ്ട് വയ്ക്കുന്നതിനും, NDPS കേസ്സുകളിൽ ആവർത്തിച്ച് ഏർപ്പെടുന്നവരുടെ പേരിൽ NDPS Act-ലെ 31, 31 A എന്നീ വകുപ്പുകൾ പ്രകാരം ഉയർന്ന ശിക്ഷ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ എസ്.എച്ച്.ഓ മാർക്കും നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്.<br><br>മയക്കു മരുന്നുൽപന്നങ്ങളുടെ ഉപയോഗവും വിപണനവും തടയുന്നതിനായി സ്ഥിരം കുറ്റവാളികളെ PIT NDPS പ്രകാരം കരുതൽ തടങ്കലിൽ വയ്ക്കുന്നതിനും NDPS Sec. 68 പ്രകാരം അവരുടെ സ്വത്തുവകകൾ കണ്ടുകെട്ടുന്നതിനും വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | തിരുവനന്തപുരം ജില്ലയിലെ അമ്പൂരി കണ്ണന്നൂരിൽ ഗുണ്ടാ ആക്രമണത്തിൽ പാസ്റ്റർക്ക് വെട്ടേറ്റ സംഭവമടക്കം സംസ്ഥാനത്തുടനീളം നിരവധി ഗുണ്ടാ അക്രമങ്ങൾ നടന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (സി) | മയക്കുമരുന്ന് വിപണനം തടയുന്നതിനായി ഓപ്പറേഷൻ ഡി ഹണ്ട് എന്ന പേരിലും സ്പെഷ്യൽ ഡ്രൈവ് നടത്തി വരുന്നുണ്ട്.<br><br>ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരെയും അമർച്ച ചെയ്യുന്നതിനും പൊതുസമാധാന സുരക്ഷ ഉറപ്പുവരുത്തുന്നതിനും കുറ്റവാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനുമായി ഓപ്പറേഷൻ ആഗ് സ്പെഷ്യൽ ഡ്രൈവും നടത്തുന്നുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിലെ അമ്പൂരി കണ്ണന്നൂരിൽ ഗുണ്ടാ ആക്രമണത്തിൽ പാസ്റ്റർക്ക് വെട്ടേറ്റ സംഭവത്തിന് വെള്ളറട പോലീസ് ക്രൈം നം. 462/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കൃത്യത്തിൽ ഉൾപ്പെട്ട 3 പ്രതികളെയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റിൽ പാർപ്പിച്ചിട്ടുള്ളതാണ്. |
| (ഡി) | ഗുണ്ടാ അക്രമങ്ങളും കൊലപാതകങ്ങളും പോലുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (ഡി) | സംസ്ഥാനത്ത് ഗുണ്ടകൾ, മയക്കു മരുന്ന് സംഘങ്ങൾ തുടങ്ങിയവരുടെ സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി 16.12.2021-ലെ സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ നം.34/2021/PHQ ഉത്തരവ് പ്രകാരം എല്ലാ ജില്ലകളിലെയും പോലീസ് മോധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ പോലീസ് സ്റ്റേഷനിലും Anti-Organised Crimes Cell (AOCC) ആരംഭിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന പ്രസ്തുത AOCC അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമ നടപടികൾ കുറ്റവാളികൾക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും അവരവരുടെ സ്റ്റേഷൻ പരിധിയിൽ നടക്കുന്ന നിയമ വിരുദ്ധ പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്നതിന് സദാ ജാഗരൂകരായിരിക്കുവാനും കൃത്യമായ പട്രോളിംഗ് നടത്തുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>"ഓപ്പറേഷൻ കാവൽ" പദ്ധതി എല്ലാ ജില്ലകളിലും ശക്തമായി നടപ്പിലാക്കിവരുന്നതും ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും സജീവമായി ഗുണ്ടാ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നവർക്കെതിരെ റൗഡി ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി സമയബന്ധിതമായി നിയമാനുസരണം ചെക്ക് ചെയ്ത് വരുന്നതും, CrPC പ്രകാരം നല്ലനടപ്പിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളതും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കാപ്പാ ഉൾപ്പെടെയുള്ള നിയമം ഉപയോഗിച്ച് കരുതൽ തടങ്കൽ നടപടികളും സ്വീകരിച്ച് വരുന്നതുമാണ്.<br><br>മുൻകാല കുറ്റകൃത്യങ്ങളിൽ ഉൾപെട്ടവരെ നിരീക്ഷിച്ചും കൂടുതൽ കുറ്റകൃത്യങ്ങളിൽ പെടാതിരിക്കാൻ പ്രിവൻറീവ് അറസ്റ്റ് ചെയ്തിട്ടുള്ളതും വാറണ്ട് പ്രകാരം അറസ്റ്റ് ചെയ്യുവാനുള്ള പ്രതികളെ അറസ്റ്റ് ചെയ്ത് ബന്ധപ്പെട്ട കോടതികളിൽ ഹാജരാക്കി നിയമ നടപടികൾ സ്വീകരിച്ചും, ഗുരുതര കുറ്റ കൃത്യങ്ങളിൽ ഏർപ്പെട്ട എല്ലാ പ്രതികളെയും കണ്ടെത്തി അറസ്റ്റ് ചെയ്ത് നിയമ നടപടികൾക്ക് വിധേയമാക്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ